MEDIA CONSULTANTS

**MANGALAM**

## Kerala Tourism wins advertisement award in Prague

Date: 30-04-2012 | Edition:TVM | Page: 8 | Clip size (cm) W: 4 H: 9

# കേരള ടൂറിസത്തിന് പ്രേഗ് അവാർഡ്

തിരുവനന്തപുരം: ആഗോള ബ്രാൻഡുകൾ മാറ്റുരയ്ക്കുന്ന വിഖ്യാത പ്രേഗ് ഇന്റർനാഷണൽ അഡ്വർടൈസിംഗ് ഫെസ്റ്റിവലിന്റെ (പിയാഫ്) സ്റ്റേറ്റ് വിഭാഗത്തിൽ കേരള ടൂറിസത്തിന് വെങ്കല മെഡൽ. 'യുവർ മൊമെന്റ് ഈസ് വെയ്റ്റിംഗ്' എന്ന കേരള ടൂറിസം പ്രചരണ പരിപാടിയുടെ അച്ചടി കോപ്പിക്കാണ് പിയാഫ് അംഗീകാരം.

മറ്റു വിഭാഗങ്ങളിലെ അവാർഡുകൾ ബഹുരാഷ്ട്ര കമ്പനികളായ ഫോക്സ്‌വാഗൺ, യൂണിലിവർ, ക്രാഫ്റ്റ് ഫുഡ്സ് എന്നിവയ്ക്കാണ്.യുവർ മൊമെന്റ് ഈസ് വെയ്റ്റിംഗിന് ഫിലിം വിഭാഗത്തിൽ പസഫിക് ഏഷ്യാ ട്രാവൽ അസോസിയേഷന്റെ മൂന്നു സ്വർണമെഡൽ അടക്കം ഡസനിലേറെ പുരസ്കാരങ്ങൾ ലഭിച്ചതിനുപിന്നാലെയാണ് ഈ അംഗീകാരം.